ഫൈനാൻഷ്യൽ കോർപ്പറേഷനിൽ നിന്ന് നൽകുന്ന വായ്പയുടെ ഈട്

11 [1143] ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:
,, ഡി. സുഗതൻ:
,, വി. ജെ. പൗലോസ്:
,, ടി. എൻ. പ്രതാപൻ:
,, എ. കെ. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഫൈനാൻഷ്യൽ കോർപ്പറേഷനിൽ നിന്ന് നൽകുന്ന വായ്പയുടെ ഈട് പര്യാപ്തമാണോ എന്ന് ഏതെല്ലാം അധികാരികളുടെ റിപ്പോർട്ട് വാങ്ങാറുണ്ട്;

(ബി) വസ്തു ഈട് നൽകുന്ന സംഗതിയിൽ സ്ഥലപരിശോധന നടത്തി വസ്തുവിന്റെ മൂല്യം മറ്റു കാര്യങ്ങൾ എന്നിവയെപ്പറ്റി ബന്ധപ്പെട്ട അധികാരികൾ ബോദ്ധ്യപ്പെടാറുണ്ടോ;

(സി) വായ്പ വാങ്ങിയശേഷം തവണ കുടിശ്ശിക വരുത്തുമ്പോൾ വ്യവസായ യൂണിറ്റും ഈടും കോർപ്പറേഷൻ ഏറ്റെടുക്കാറുണ്ടോ;

(ഡി) അപ്പോൾ ഈടു നൽകിയ വസ്തുവിന്റെ മൂല്യം കുറവാണെന്ന് കാണുന്ന സാഹചര്യത്തിൽ ഈട് നൽകിയ വസ്തു വായ്പയ്ക്ക് മതിയായതാണെന്ന് റിപ്പോർട്ട് നൽകിയ അധികാരികളുടെ മേൽ എന്ത് നടപടിയാണെടുക്കുന്നത്;

(ഇ) ഇക്കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ എത്ര കേസുകളിൽ ഈടു നൽകിയ വസ്തുവിന്റെ മൂല്യം മതിയായതല്ലെന്ന് തെളിഞ്ഞിട്ടുണ്ട്; തൻമൂലം ഈ കാലത്ത് ഈടു നൽകിയ വസ്തു ലേലം ചെയ്തപ്പോൾ കോർപ്പറേഷന് എന്തു നഷ്ടമുണ്ടായി;

(എഫ്) നഷ്ടം വന്ന സംഗതിയിൽ വസ്തുവിന്റെ മൂല്യം വായ്പയ്ക്ക് മതിയായതാണെന്ന് റിപ്പോർട്ട് ചെയ്തവരുടെമേൽ എന്ത് നടപടിയെടുത്തു?

ഉത്തരം

(എ) ഈട് പര്യാപ്തമാണോ എന്ന് വിലയിരുത്തുന്നതിന് കോർപ്പറേഷന്റെ ലീഗൽ, ടെക്നിക്കൽ, ജനറൽ വിഭാഗത്തിൽ നിന്നുള്ള ഉദ്യോഗസ്ഥൻമാരുടെ വിദഗ്ദ്ധ പരിശോധനാ സംഘം ഓരോ വായ്പകളുടെയും ഈട് പരിശോധിച്ചതിനു ശേഷമാണ് വായ്പ അനുവദിക്കാറുള്ളത്. ഓരോ സംരംഭത്തിന്റെയും ആസ്തി ബാദ്ധ്യതകളെപ്പറ്റിയുള്ള വിലയിരുത്തൽ മേൽപ്പറഞ്ഞ ഉദ്യോഗസ്ഥർ നടത്തുകയും അവരുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ വായ്പകൾ അനുവദിക്കാറുമാണുള്ളത്. മേൽപ്പറഞ്ഞ പരിശോധനാ സംഘം അവരുടെ റിപ്പോർട്ട് തയ്യാറാക്കുന്നതിലേയ്ക്ക് താഴെപ്പറയുന്ന പ്രമാണങ്ങളും സർട്ടിഫിക്കറ്റുകളും പരിശോധിക്കാറുണ്ട്:

LIBRARY ARCHIVES Kerala Legislative Assembly

(1) തഹസിൽദാരിൽ നിന്നുമുള്ള പൊസഷൻ സർട്ടിഫിക്കറ്റ്.

(2) വില്ലേജ് ഓഫീസറുടെ സ്ഥലത്തിന്റെ അതിരുകൾ രേഖപ്പെടുത്തിയ സ്കെച്ച്.

(3) കുടികിടപ്പ് സർട്ടിഫിക്കറ്റ്.

(4) കരം തീരുവ രസീത്.

(5) ആധാരങ്ങളും മുൻ ആധാരങ്ങളും.

(6) തണ്ടപ്പേർ രേഖ.

(7) കെട്ടിടങ്ങളുടെ പര്യാപ്തത പരിശോധിക്കുന്നതിനുവേണ്ടി താഴെ പറയുന്ന രേഖകൾ ഉപയോഗിക്കുന്നു:

1. വാടക കെട്ടിടമാണെങ്കിൽ വാടകചീട്ട് 11 മാസത്തേയ്ക്കുള്ളത് വാങ്ങുന്നു.

2. പുതിയ കെട്ടിടം നിർമ്മിക്കുന്നതിനാണെങ്കിൽ കെട്ടിടത്തിന്റെ പ്ലാനും എസ്റ്റിമേറ്റും വാങ്ങുന്നു. കൂടാതെ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ അധികാരികളുടെ സമ്മതപത്രം വാങ്ങുന്നു.

3. യന്ത്രസാമഗ്രികൾ ഈടുവയ്ക്കുന്നുണ്ടെങ്കിൽ അവയുടെ ക്വട്ടേഷനുകളും ബില്ലുകളും വൗച്ചറുകളും പരിശോധിക്കുന്നു.

(ബി) ഇതിന്റെ ഭാഗമായി വസ്തു പരിശോധിക്കുന്നതിനായും കെട്ടിടങ്ങളും യന്ത്രസാമഗ്രികളും വിലയിരുത്തുന്നതിനായും കോർപ്പറേഷൻ നിയുക്തമാക്കിയിട്ടുള്ള ഓഫീസർമാർ പ്രവർത്തനസ്ഥലവും കൊളാറ്ററൽ സ്ഥലവും പരിശോധിക്കുകയും റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്യുന്നുണ്ട്.

(സി) വായ്പ വാങ്ങിയതിനുശേഷം തവണ കുടിശ്ശിക വരുത്തുമ്പോൾ കോർപ്പറേഷന്റെ ഫീൽഡ് ഓഫീസർമാർ വ്യവസായിയെ സന്ദർശിക്കുകയും അക്കൗണ്ടിന്റെ കുടിശ്ശിക കാര്യങ്ങൾ ബോദ്ധ്യപ്പെടുത്തുകയും ചെയ്യുന്നു. ഇത് പല ആവർത്തി നടക്കുന്നു. എന്നിട്ടും കുടശ്ശിക വരികയാണെങ്കിൽ അതാതു ബ്രാഞ്ച് മാനേജർമാർ വ്യവസായിയെ നേരിൽ വിളിപ്പിക്കുകയും കാര്യങ്ങൾ ബോദ്ധ്യപ്പെടുത്തുകയും ചെയ്യുന്നു. ഇനിയും കുടിശ്ശിക അടയ്ക്കാൻ തയ്യാറില്ലാത്ത മേജർ കുടിശ്ശികയുള്ളവരെ ഹെഡ്ഡാഫീസിൽ വിളിക്കയും ചർച്ചകൾ നടത്തുകയും ചെയ്യുന്നു. അതിനുശേഷം ഡിമാന്റ് നോട്ടീസ്, സെക്ഷൻ 29 നോട്ടീസ് എന്നിവ നൽകിയശേഷം നിർബന്ധിതമാകുമ്പോൾ യൂണിറ്റും ഈടും കോർപ്പറേഷൻ പോലീസ് സഹായത്തോടെ എസ്.എഫ്.സി. ആക്ട് സെക്ഷൻ 29 അനുസരിച്ച് ഏറ്റെടുക്കാറുണ്ട്. കേരള റവന്യൂ റിക്കവറി ആക്ട് പ്രകാരവും നോട്ടീസ് നൽകിയശേഷം അതാതു ജില്ലാ കളക്ടർ മുഖാന്തിരം ഏറ്റെടുക്കാറുണ്ട്.

(ഡി) ഈടു നൽകിയ വസ്തുവിന്റെ മൂല്യനിർണ്ണയം കുറവാണെന്ന സാഹചര്യത്തിൽ അതിനുത്തരവാദികളായ ഉദ്യോഗസ്ഥരുടെമേൽ കോർപ്പറേഷന്റെ സ്റ്റാഫ് റെഗുലേഷനിലെ ബന്ധപ്പെട്ട വകുപ്പുപ്രകാരം അർഹിക്കുന്ന ശിക്ഷണ നടപടികളെടുക്കാറുണ്ട്. ചില കേസ്സുകൾ വിജിലൻസ് ഡിപ്പാർട്ടുമെന്റിനും നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) 31-3-2004-ലെ കണക്കുപ്രകാരം കോർപ്പറേഷൻ ധനസഹായം നൽകിയ ഏകദേശം ഒൻപതിനായിരത്തിൽ പരം ചെറുകിട ഇടത്തരം വ്യവസായങ്ങൾ നിലവിലുണ്ട്. വായ്പയ്ക്ക് നൽകിയിരിക്കുന്ന ഈടിന്റെ മൂല്യനിർണ്ണയം വർഷംതോറും നടത്തുന്നതിനുള്ള സംവിധാനം ഇപ്പോൾ കോർപ്പറേഷനിൽ നിലവിലില്ല. എന്നാൽ ഒറ്റ തീർപ്പായി (OTS) വായ്പകൾ തിരിച്ചടയ്ക്കുവാൻ തയ്യാറാകുന്ന സംരംഭകരുടെ വായ്പയ്ക്കുള്ള ഈടിന്റെ മൂല്യനിർണ്ണയം നടത്താറുണ്ട്. കൂടാതെ ആസ്തികൾ വിൽപ്പന ആവശ്യമായി വരുമ്പോഴും മൂല്യനിർണ്ണയം നടത്താറുണ്ട്.

(എഫ്) വസ്തുവിന്റെ മൂല്യം തെറ്റായ രീതിയിൽ റിപ്പോർട്ടു ചെയ്തിട്ടുള്ള ഉദ്യോഗസ്ഥന്മാരുടെമേൽ കോർപ്പറേഷന്റെ സ്റ്റാഫ് റെഗുലേഷനിലെ ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരം ശിക്ഷണനടപടികൾ സ്വീകരിക്കാറുണ്ട്. അപ്രകാരമുള്ള റിട്ടയർ ചെയ്ത ഉദ്യോഗസ്ഥൻമാരുടെ കോർപ്പറേഷൻ വിഹിതമായ പി.എഫ്., ലീവ് സറണ്ടർ, ഗ്രാറ്റുവിറ്റി മുതലായ ആനുകൂല്യങ്ങൾ അന്വേഷണം കഴിയുന്നതുവരെക്കും തടഞ്ഞുവച്ചിട്ടുണ്ട്.

വ്യവസായ യൂണിറ്റുകളുടെ ലേലം

12 [1144] ശ്രീ. എൻ ശക്തൻ:

,, സി. പി. മുഹമ്മദ്:

,, ഇ. എം. അഗസ്തി:

,, പി. ടി. തോമസ്:

,, പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഫൈനാൻഷ്യൽ കോർപ്പറേഷനിൽ നിന്ന് എടുത്ത വായ്പ തിരിച്ചടയ്ക്കാതിരുന്നതിന്റെ ഫലമായി വായ്പയെടുത്തു സ്ഥാപിച്ച വ്യവസായ യൂണിറ്റിന്റെ യന്ത്രങ്ങളും വായ്പയ്ക്ക് നൽകിയ ഈടും കോർപ്പറേഷൻ ഏറ്റെടുത്ത് ലേലം ചെയ്ത സംഭവങ്ങൾ ഇക്കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ ഉണ്ടായിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരം എത്ര സംഭവങ്ങളുണ്ടായി;

(സി) ഇപ്രകാരം ചെയ്തതിന്റെ ഫലമായി എത്ര കേസ്സുകളിൽ കോർപ്പറേഷനു കിട്ടാനുള്ള തുക പൂർണ്ണമായും കിട്ടാതെയുണ്ട്;

(ഡി) പ്രസ്തുത തുക എത്ര വരുമെന്നും അത് ഈടാക്കുവാൻ എന്ത് നടപടിയെടുത്തുവെന്നും ആയതിന്റെ ഫലമെന്തായിരുന്നുവെന്നും വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly